## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 587 — 8.7.2013-ന് മറുപടിക്ക്

### എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യനിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജുപോൾ<br>,, കോലിയക്കോട് എൻ. കൃഷ്ണൻനായർ<br>,, എ. പ്രദീപ് കുമാർ<br>,, ബി. ഡി. ദേവസ്സി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) കക്കൂസ് മാലിന്യ സംസ്ക്കരണം സംബന്ധിച്ച് കേരള ഹൈക്കോടതി വിധിക്ക് സ്റ്റേ വാങ്ങുമ്പോൾ സുപ്രീംകോടതിയിൽ സർക്കാർ നൽകിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നു; അവ പാലിക്കുകയുണ്ടായോ; | എ) കേരള ഹൈക്കോടതിയുടെ വിധി ലഭിച്ച ശേഷം സ്പെഷ്യൽ ലീവ് പെറ്റീഷനായി സുപ്രീം കോടതിയിൽ സർക്കാർ നൽകിയ ഉറപ്പിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം തിരുവനന്തപുരത്ത് തിരുവനന്തപുരം നഗരത്തിലെ മലിനജല സംസ്കരണത്തിനുള്ള (സ്വീവേജ്) പ്ലാന്റ് 31.10.2012 ൽ പ്രവർത്തനം ആരംഭിക്കുമെന്നും, ശേഷിക്കുന്ന നഗരങ്ങളായ കൊല്ലം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ മലിനജല സംസ്കരണ പ്ലാന്റുകൾ മൂന്ന് വർഷത്തിനുള്ളിൽ (2015 മാർച്ച് വരെ) സ്ഥാപിക്കാനായി സമയം അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ശേഷിക്കുന്ന ജില്ലകളായ പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സെപ്റ്റേജ് (സെപ്റ്റിക് ടാങ്കുകളിൽ നിന്നും നീക്കം ചെയ്യുന്ന മാലിന്യങ്ങൾ) സംസ്കരിക്കുന്നതിനുള്ള Stand alone |

Septage Treatment Plant-കൾ സ്ഥാപിക്കാൻ ഉള്ള സമയം 2015 മാർച്ച് വരെ നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. ഇവയിൽ തിരുവനന്തപുരത്തെ മലിനജല സംസ്കരണ പ്ലാന്റ് 26/6/2013ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ബി) എങ്കിൽ കക്കൂസ് മാലിന്യങ്ങൾ സംസ്ക്കരിക്കാൻ മുനിസിപ്പാലിറ്റികളിൽ സംവിധാനം ഉണ്ടാക്കാത്തത് സാക്ഷരതയിൽ മുന്നിട്ട് നില്ക്കുന്ന കേരളത്തിന് നാണക്കേടാണ് എന്ന നിലയിലുള്ള ഒരു അഭിപ്രായം സുപ്രീംകോടതി പറയാനിടയായ സാഹചര്യം എന്താണെന്ന് വെളിപ്പെടുത്താമോ ?

ബി) കക്കൂസിൽ നിന്നും നീക്കംചെയ്യുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കാൻ സൗകര്യം നിലവില്ലാത്തതിനാൽ എല്ലാ ജില്ലകളിലും അതിനുള്ള സൗകര്യം ഉണ്ടാക്കണമെന്ന് ഉത്തരവായിട്ടുണ്ടായിരുന്നു. അതിന്റെ ഭാഗമായി സെപ്റ്റിക് ടാങ്കുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം സംസ്കരിക്കാനായി KSUDP യുടെ ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ഒഴികെയുള്ള സ്ഥലങ്ങളിൽ പ്ലാന്റുകളുടെ നിർമ്മാണം തുടങ്ങുന്നതിന് കഴിഞ്ഞിരുന്നില്ല. വിവിധ ഏജൻസികളിൽ നിന്നും അനുമതികൾ കിട്ടുന്നതിനുള്ള താമസം, ഹൈക്കോടതി ഉത്തരവുകൾ, സ്ഥലവാസികളുടെ എതിർപ്പ് എന്നിവ മൂലം പൂർത്തിയാക്കാമെന്ന് ഏറ്റിരുന്ന രീതിയിൽ കാര്യങ്ങൾ നീക്കാനായി കഴിഞ്ഞിരുന്നില്ല.

സെക്ഷൻ ഓഫീസർ